ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

കാർഷികവിള രോഗങ്ങൾക്ക് ശാശ്വതപരിഹാരം

*24 [440] ശ്രീ. എ. പി. അനിൽകുമാർ:

„ എം. മുരളി:

„ കെ. ബാബു:

„ ഡൊമിനിക് പ്രസന്റേഷൻ:

„ വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുരുമുളകിന്റെ ദ്രുതവാട്ടം, കമുകിന്റെ മഞ്ഞളിപ്പ്, ഇഞ്ചിയുടെ മഹാളി, കാപ്പിയുടെ കായ്തുരപ്പ് എന്നീ രോഗങ്ങൾ സംസ്ഥാനത്ത് കാർഷിക വിളകൾക്ക് ബാധിക്കാൻ തുടങ്ങിയിട്ടെത്രകാലമായി;

(ബി) ഈ രോഗങ്ങൾക്ക് ശാശ്വതപരിഹാരം കണ്ടെത്തിയിട്ടുണ്ടോ;

(സി) കേരള കാർഷിക സർവ്വകലാശാലയും കൃഷിവകുപ്പും ഈ രോഗങ്ങൾക്കു പരിഹാരം കാണാൻ എന്തെല്ലാം ഗവേഷണങ്ങൾ നടത്തിയിട്ടുണ്ട്;

(ഡി) എത്ര കാലമായി ഇക്കാര്യത്തിന് ഗവേഷണം നടത്തുന്നു എന്ന് വെളിപ്പെടുത്താമോ;

(ഇ) ആരുടെ നേതൃത്വത്തിലാണ് ഗവേഷണം നടത്തുന്നത്;

(എഫ്) ഇതുവരെയുള്ള ഗവേഷണ ഫലം വ്യക്തമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) കഴിഞ്ഞ 25 കൊല്ലങ്ങളായി കുരുമുളകിന്റെ ദ്രുതവാട്ടം, കമുകിന്റെ മഞ്ഞളിപ്പ്, ഇഞ്ചിയുടെ മഹാളി, കാപ്പിയുടെ കായ്തുരപ്പ് തുടങ്ങിയവ കേരളത്തിൽ കണ്ടുവരുന്നു.

(ബി) രോഗതീവ്രതയനുസരിച്ചുള്ള വിവിധ നിയന്ത്രണ മാർഗ്ഗങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

---

† അനുബന്ധം II എ ആന്റ് ബി.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള കാർഷിക സർവ്വകലാശാല, ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനം, കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രം എന്നീ സ്ഥാപനങ്ങൾ ഗവേഷണം നടത്തുന്നുണ്ട്. രോഗകാരണങ്ങൾ കണ്ടെത്തുക, അവയ്ക്കെതിരെ ഏതെല്ലാം കുമിൾ നാശിനി/ജീവാണുക്കൾ എന്നിവ ഉപയോഗിക്കാം, രോഗം എങ്ങനെ നിയന്ത്രിക്കാം ഏതെല്ലാം കൃഷി രീതികളാണ് ഇതു തടയാൻവേണ്ടി സ്വീകരിക്കേണ്ടത് എന്നതിനെക്കുറിച്ചാണ് ഗവേഷണം നടത്തുന്നത്.

(ഡി) 1966 മുതൽ ഇവയെ സംബന്ധിച്ചുള്ള ഗവേഷണങ്ങൾ നടന്നിട്ടുണ്ടെങ്കിലും 1972 മുതലാണ് തീവ്രമായിട്ടുള്ള ഗവേഷണങ്ങൾ ആരംഭിച്ചത്.

(ഇ) കേരള കാർഷിക സർവ്വകലാശാല, ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനം, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഗവേഷണം നടത്തുന്നത്.

(എഫ്) വിവിധ രോഗങ്ങൾക്ക് നിവാരണമാർഗ്ഗങ്ങൾ കണ്ടെത്തിയിട്ടുണ്ട്. സംയോജിതമായ നിയന്ത്രണ മാർഗ്ഗങ്ങളാണ് അവലംബിക്കുന്നത്.

(1) കുരുമുളകിന്റെ ദ്രുതവാട്ടം.—കുമിൾ ആണ് രോഗകാരി. രൂക്ഷമായി രോഗബാധയേറ്റ വള്ളികൾ മുറിച്ചുമാറ്റുക, നീർവാർച്ച ഉറപ്പാക്കുക, കാലവർഷത്തിനു മുമ്പായി കുമ്മായം, വേപ്പിൻ പിണ്ണാക്ക്, ട്രൈക്കോഡർമ തുടങ്ങിയവ ഉയോഗിക്കുക, കാലവർഷത്തോടുകൂടി ബോർഡോമിശ്രിതം തളിക്കുക തുടങ്ങിയ നിവാരണ മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്.

(2) കമുകിന്റെ മഞ്ഞളിപ്പ്.—നിമവിര, കുമിൾ, അന്തരീക്ഷ വ്യതിയാനം, മണ്ണിലെ ജലാംശത്തിന്റെ അളവ് എന്നീ കാരണങ്ങളാണ് രോഗഹേതു. ഫോറേറ്റ് അല്ലെങ്കിൽ കാർബോഫുറാൻ വർഷത്തിൽ രണ്ടുപ്രാവശ്യം തടത്തിൽ ഇട്ടു കൊടുക്കുക, ബാസില്ലസ് വർഗ്ഗത്തിൽപ്പെട്ട മിശ്ര ബാക്ടീരിയ ലായിനി തടത്തിൽ ഒഴിച്ചുകൊടുക്കുക എന്നിവയാണ് നിവാരണ മാർഗ്ഗങ്ങൾ.

(3) ഇഞ്ചിയുടെ മഹാളിരോഗം.—പിത്തിയം എന്ന കുമിളാണ് രോഗ കാരണം. രോഗബാധയില്ലാത്ത സ്ഥലങ്ങളിൽനിന്ന് വിത്ത് തെരഞ്ഞെടുക്കുക, വിത്തുകൾ 0.3 ശതമാനം വീര്യമുള്ള മാങ്കോസെബ് കുമിൾനാശിനിയിൽ മുക്കി നടുക, നീർവാർച്ച ഉറപ്പാക്കുക, രോഗം കണ്ടാൽ ഉടൻ 1 ശതമാനം വീര്യമുള്ള ബോർഡോമിശ്രിതമോ 0.3 ശതമാനം വീര്യമുള്ള മാങ്കോസെബ് ലായനിയോ തടങ്ങളിൽ ഒഴിച്ചുകൊടുക്കുക എന്നിവയാണ് നിവാരണ മാർഗ്ഗങ്ങൾ.

(4) കാപ്പിയുടെ തണ്ടുതുരപ്പൻ.—മൂപ്പെത്തിയാൽ ഉടൻ തന്നെ കാപ്പിക്കുരുക്കൾ പറിച്ചെടുക്കുക, കാപ്പിത്തോട്ടത്തിൽ തണൽ ക്രമീകരിക്കുക, ക്യൂനാൽഫോസ് 2 മി. ലി. അല്ലെങ്കിൽ ഫെൻതയോൺ 1 മി. ലി. പൂവിട്ട് 120-150 ദിവസങ്ങൾക്കുശേഷം തളിച്ചു കൊടുക്കുക എന്നിവയാണ് നിവാരണ മാർഗ്ഗങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly